# ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി മുനമ്പം പോലീസ് "പെയിൻറിംഗ് നിലാവ്" സംഘടിപ്പിച്ചു

സുന്ദരം സുരക്ഷിതം എൻെറ നാട് ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി സമൂഹനന്മയ്ക്കും ഗ്രാമസുരക്ഷയ്ക്കുമായി മുനമ്പം പോലീസിൻെറയും ചെറായി പെയിൻറിംഗ് ബിനാലെ ചിത്രകാരന്മാരുടെയും നേതൃത്വത്തിൽ പൊതുജന പങ്കാളിത്തത്തോടെ പെയിൻറിംഗ് നിലാവ് നാടിന് സമർപ്പിച്ചു.

2018 ജനുവരി 21 ന് പ്രശസ്ത ചിത്രകാരൻ ജോഷി ടസ്റ്റ് ലാൻറിൻെറ നേതൃത്വത്തിൽ പള്ളിപ്പുറം കോൺവെൻറ് ബസ്സ് സ്റ്റോപ്പിന് പടിഞ്ഞാറുവശം ,റോഡിന് ഇരുവശത്തെ ചുമരുകളിൽ പ്രഗല്ഭരായ 50 ൽപരം ചിത്രകാരന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് ചിത്രങ്ങൾ വരച്ചാണ് നാടിനെ വിസ്മയിപ്പിച്ചത്. ചിത്രരചനയ്ക്കൊപ്പം പോലീസ് ഉദ്യോഗസ്ഥർ ഗാനങ്ങൾ ആലപിച്ചുകൊണ്ട് നാടിൻെറ ആഹ്ലാദത്തിൽ പങ്കുചേർന്നു. തുടർന്ന് നടന്ന സാംസ്കാരിക സമ്മേളനത്തിൽ ശ്രീമതി.ബിന്ദു രാജേഷ് അദ്ധ്യക്ഷത വഹിച്ചു ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. കെ.കെ.ജോഷി ഉദ്ഘാടനം നിർവ്വഹിച്ചു. പ്രശസ്ത ബാലസാഹിത്യകാരൻ ശ്രീ. സിപ്പിപള്ളിപ്പുറം മുഖ്യ പ്രഭാഷണം നടത്തി . സിനിമാ സംവിധായകൻ ശ്രീ.അരുൺ വിശ്വം മുഖ്യഅതിഥിയായിരുന്നു. ശ്രീമതി. സുബോധ ഷാജി ( സംഘാടക സമിതി അംഗം, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ) സ്വാഗതം ആശംസിച്ചു. മുനമ്പം സബ്ബ് ഇൻസ്പെക്ടർ ശ്രീ.ടി.വി.ഷിബു പ്രോഗ്രാം വിശദീകരണം നടത്തി. പ്രശസ്ത സിനിമാ സീരിയൽ നടൻ ശ്രീ.വിനോദ് കെടാമംഗലം, ശ്രീ.പി.വി.ലൂയിസ് (സംഘാടക സമിതി അംഗം, കുഴുപ്പിള്ളി ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ ) , ശ്രീ. അബ്ദുൾ അസ്സീസ് ( എസ്.ഐ മുനമ്പം, ജനമൈത്രി സി.ആർ.ഒ ), ശ്രീ.പി.ജി.ആൻറണി ( ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ), ശ്രീ. സിഗിൻ സ്റ്റാൻലി ( പ്രസിഡൻറ്, ബാച്ചിലേഴ്സ് ക്ലബ്ബ്) എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. പള്ളിപ്പുറം ജനത അങ്കണവാടി വെൽഫയർ കമ്മറ്റി, യുവജന ക്ലബ്ബുകൾ, സ്വയം സഹായ സംഘങ്ങൾ, റസിഡൻസ് അസ്സോസിയേഷനുകൾ, എന്നിവയുടെ സംയുക്ത ആദിമുഖ്യത്തിലാണ് പെയിൻറിംഗ് നിലാവ് സംഘടിപ്പിച്ചത്.

2018 ഞായർ 21 ന് ഉച്ചയ്ക്ക് 2 ന് പാട്ടും, ചിത്രരചനയും നടന്നു. തുടർന്ന് ചെണ്ട മേളവും, ഘോഷയാത്രയും നടത്തി. സുന്ദരം സുരക്ഷിതം എൻെറ നാട് എന്ന മുദ്രവാക്യം ഉയർത്തി സമൂഹത്തിലെ സർഗ്ഗാത്മക കഴിവുകൾ ഉള്ളവരെ ഒരുമിച്ചുകൂട്ടി വരും തലമുറയ്ക്ക് പരിഗണനയും പ്രോത്സാഹനവും നൽകികൊണ്ട് പോലീസ് പൊതുജന സൗഹൃദത്തിലൂടെ ഗ്രാമ സുരക്ഷ ഉറപ്പാക്കുക എന്നതാണ് ഈ പരിപാടി ലക്ഷ്യം വെയ്ക്കുന്നത്. എറണാകുളം റൂറൽ ജില്ലാ പോലിസ് മേധാവി ശ്രീ.എ.വി.ജോർജ്ജ് ഐ.പി.എസ് ൻെറ നിർദ്ദേശത്തെ തുടർന്നാണ് മുനമ്പം പോലീസ് ഇങ്ങനെയൊരു കർമ്മ പദ്ധതിക്ക് തുടക്കം കുറിച്ചത്.



